"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - സ്റ്റാന്റിങ് കൗൺസിലായി നിയോഗിച്ചിരുന്ന ശ്രീമതി.പി.കെ.രേഷ്മക്ക് പ്രൊഫഷണൽ ചാർജിനത്തിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.36/2026/LSGD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ 04.11.2025 ലെ എ1/7218/2022/ഒബിഡിഎൻ നമ്പർ കത്ത്.
2. 02.12.2025-ലെ സ ഉ (സാധാ) നമ്പർ 9681/2025/ധന

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഉത്തരവുകൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകൾ പ്രതിരോധിക്കുന്നതിന് വേണ്ടി സ്റ്റാന്റിങ് കൗൺസിലായി നിയോഗിച്ചിരുന്ന അഡ്വ.പി.കെ.രേഷ്മക്ക്, 20,000/-രൂപ പ്രൊഫഷണൽ ചാർജിനത്തിൽ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടിയാൾ ലഭ്യമാക്കിയ ബാങ്ക് അക്കൗണ്ട് വിവരങ്ങളിലെ പിശക് കാരണം ടി തുക അഡ്വ.പി.കെ.രേഷ്മക്ക് ലഭിക്കാതെ സർക്കാരിന്റെ ആർ.ഒ.പി. അക്കൗണ്ടിലേക്ക് മടങ്ങിയെത്തുകയുണ്ടായി. ടി സാഹചര്യത്തിൽ സർക്കാരിന്റെ മാതൃശീർഷകമായ "2515-00-911-99" എന്ന ശീർഷകത്തിൽ ക്രഡിറ്റ് ആയ 20,000/- രൂപ ഓംബുഡ്സ്മാൻ കാര്യാലയത്തിന്റെ നടപ്പ് സാമ്പത്തികവർഷത്തെ 2515-00-101-64-34-3-മറ്റിനങ്ങൾ പദ്ധതിയേതരം' എന്ന ശീർഷകത്തിൽ അധികഫണ്ടായി അനുവദിക്കണമെന്ന് ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി പരാമർശിത കത്ത് മുഖേന അഭ്യർത്ഥിക്കുകയുണ്ടായി.

2. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശിത ഉത്തരവ് പ്രകാരം 20,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, ബഹു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഉത്തരവുകൾക്കെതിരെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകൾ പ്രതിരോധിക്കുന്നതിന് വേണ്ടി സ്റ്റാന്റിങ് കൗൺസലായി നിയോഗിച്ചിരുന്ന അഡ്വ.പി.കെ.രേഷ്മക്ക് പ്രൊഫഷണൽ ചാർജിനത്തിൽ അനുവദിച്ചിരുന്നതും, എന്നാൽ സർക്കാരിന്റെ മാതൃശീർഷകമായ "2515-00-911-99"-ൽ ക്രഡിറ്റ് ആയതുമായ 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) ഓംബുഡ്സ്മാൻ കാര്യാലയത്തിന്റെ നടപ്പ് സാമ്പത്തികവർഷത്തെ 2515-00-101-64-34-3-മറ്റിനങ്ങൾ പദ്ധതിയേതരം' എന്ന ശീർഷകത്തിൽ അധികഫണ്ടായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (17.12.2025-ലെ WCD-3/298/2025-ധന പ്രകാരം)
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/161/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 06-01-2026 10:44:22

സെക്ഷൻ ഓഫീസർ